Anthology of Malayalam Essays
presented in the
MESMAC
International Conference 2022

MESMAC INTERNATIONAL CONFERENCES
www.mesmac.in

**Sustainability:**
POWER | PEOPLE | POLITICS

2022 January 20-31

9 788195 689521

# സുസ്ഥിരതയുടെ രാഷ്ട്രീയം
## സാഹിത്യം-കല-സംസ്കാരം



എഡിറ്റർ:
ഡോ. രാജേഷ് മോൻജി

MES Mampad College (Autonomous)
(Accredited by NAAC with A Grade)

MESMAC INTERNATIONAL CONFERENCES

www.mesmac.in

# Sustainability:

## Power-People-Politics

*Anthology of essays presented in the MESMAC International Conferences 20-31 January 2022*

## സുസ്ഥിരതയുടെ രാഷ്ട്രീയം

### സാഹിത്യം-കല-സംസ്കാരം

**MES Mampad College (Autonomous)**
(Accredited by NAAC with A Grade)
P.O. Mampad College, 676542
Malappuram. Ph: 04931 200 387, 200 754

Sustainability:
Power-People-Politics
*Anthology of essays presented in the*
*MESMAC International Conferences*
*20 -31 January 2022*

***Title:***
**Susthirathayude Rakshtreeyam:**
**Sahithyam-Kala-Samskaram**
***(Malayalam)***
**സുസ്ഥിരതയുടെ രാഷ്ട്രീയം**
**സാഹിത്യം-കല-സംസ്കാരം**


*Chief Editor*
**Dr. Manzur Ali P.P**
Principal, M.E.S Mampad College

*Editor:*
**Dr. Rajesh M.K** (Rajesh Monji)
Asst. Professor
Dept. of Malayalam
M.E.S Mampad College

*Associate Editor*
**Dr. Anu P.S**
Asst. Professor
Dept. of Malayalam
M.E.S Mampad College



*Lay out*
Sikha Grandhavedi
*Cover Design*
Rajesh Monji

Publisher;
Dept. of Malayalam
MES Mampad College
Mampad College P.O.,
Malappuram, Kerala Pin: 676542
Website: www.mesmampadcollege.org

ISBN: 978-81-956895-2-1

# സുസ്ഥിരതയുടെ രാഷ്ട്രീയം

## സാഹിത്യം-കല-സംസ്കാരം

എഡിറ്റർ:

**ഡോ.രാജേഷ് മോൻജി**

**കേ**രളത്തിലെ ഏറ്റവും വലിയ അക്കാദമിക സമ്മേളനമാണ് മെസ്മാക് ഇന്റർനാഷണൽ കോൺഫറൻസ്. ഈ കോൺഫറൻസിന്റെ ആറാം പതിപ്പാണ് 2022 ജനുവരി 20 മുതൽ 31 വരെയുള്ള തിയ്യതികളിലായി നടന്നത്. ഇത്തവണത്തെ വിഷയം *'Sustainability: Power, People, Politics'* എന്നതായിരുന്നു.

ജീവിക്കുക, ജീവിക്കാൻ അനുവദിക്കുക എന്നതാണ് സുസ്ഥിരതയുടെ കാതൽ. സ്വന്തം ലക്ഷ്യങ്ങൾ കൈവരിക്കാനുള്ള ശ്രമം നടത്തുമ്പോഴും മറ്റുള്ളവരുടെ ജീവിതത്തിനും സ്വാതന്ത്ര്യത്തിനും വില കല്പിക്കുക എന്നത് പ്രധാനമാണ്. ശാസ്ത്രം, കല, മാനവികത, വാണിജ്യം തുടങ്ങിയ വ്യവഹാരങ്ങളിലേക്ക് പ്രസ്തുത ആശയം എങ്ങനെ വ്യാപിക്കുന്നുവെന്നും അതുവഴി സാമൂഹികവും സാമ്പത്തികവും പാരിസ്ഥിതികവുമായ സുസ്ഥിരതയെ സന്തുലിതമാക്കുന്നതെങ്ങനെയെന്നുമാണ് ഈ വിഷയം ചർച്ച ചെയ്യുന്നത്.

സുസ്ഥിരത എന്ന വിഷയത്തിന്റെ വ്യാപ്തി വളരെ വലുതാണ്. മാനവികവിഷയങ്ങളിൽ, വിശിഷ്യാ സാഹിത്യത്തിലും സംസ്കാരത്തിലും ഈ പഠനമേഖലയ്ക്ക് നിരവധി ആശയങ്ങൾ ഉൽപാദിപ്പിക്കാൻ കഴിയും എന്ന വിശ്വാസത്തിലാണ് 'സുസ്ഥിരതയുടെ രാഷ്ട്രീയം: സാഹിത്യം-കല-സംസ്കാരം' എന്ന വിഷയത്തിൽ മലയാള വിഭാഗത്തിന്റെ നേതൃത്വത്തിൽ സെമിനാർ സംഘടിപ്പിച്ചത്.

ഞങ്ങളോടൊപ്പം നിന്ന്, സെമിനാർ വിജയിപ്പിച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നു.

ആശംസകളോടെ,

**ഡോ. മൻസൂർ അലി പി.പി**
പ്രിൻസിപ്പാൾ
& ചീഫ് എഡിറ്റർ

**ലോ**കമെമ്പാടുമുള്ള മനുഷ്യർ, മാനവികതയുടെ അപകടാവസ്ഥയെ സംബന്ധിച്ച് ആകുലരാണ്. നിറം, മതം, ലിംഗഭേദം, വംശം, വിശ്വാസം, ദേശീയത മുതലായവയുടെ അടിസ്ഥാനത്തിൽ നടത്തുന്ന വേർതിരിവുകൾ സമാധാനാന്തരീക്ഷത്തെ തകർക്കുന്നു. പലായനങ്ങളും കുടിയേറ്റങ്ങളും അഭയാർത്ഥിപ്രവാഹങ്ങളും വർദ്ധിക്കുന്നു. സാധാരണ മനുഷ്യർ നിരന്തരം വേട്ടയാടപ്പെടുന്നു. പാർശ്വവൽക്കരിക്കപ്പെട്ട ജനതയുടെയും, ന്യൂനപക്ഷങ്ങളുടെയും ജീവിക്കാനുള്ള അവകാശത്തെ ഉയർത്തിപ്പിടിക്കേണ്ടതിന്റെ ആവശ്യകത ലോകത്തിനുതന്നെ ബോധ്യപ്പെടുന്നു. മൂലധനരാഷ്ട്രീയം ജനതയുടെ സുസ്ഥിരസങ്കൽപങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നു.

ഈ പശ്ചാത്തലത്തിൽ സാമൂഹികവും സാമ്പത്തികവും പാരിസ്ഥിതികവുമായ സുസ്ഥിരതയെക്കുറിച്ചുള്ള ആലോചനയ്ക്ക് പ്രസക്തിയേറുന്നു എന്ന ബോധ്യത്തിലാണ്, മെസ്മാക് ഇന്റർനാഷണൽ കോൺഫറൻസിന്റെ ഭാഗമായി, മലയാളവിഭാഗത്തിന്റെ നേതൃത്വത്തിൽ 'സുസ്ഥിരതയുടെ രാഷ്ട്രീയം: സാഹിത്യം-കല-സംസ്കാരം' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുന്നത്. പ്രസ്തുത ചിന്താപദ്ധതിയെ വിവിധ സാഹിത്യ-സാംസ്കാരിക വ്യവഹാരങ്ങളെ മുൻനിർത്തി വിശകലനം ചെയ്യാനാണ് സെമിനാറിലെ പ്രബന്ധങ്ങൾ ശ്രമിക്കുന്നത്. ഇതിലെ പ്രബന്ധങ്ങൾ സാഹിത്യ-സാംസ്കാരിക പഠനരംഗത്ത് മുതൽക്കൂട്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡോ. രാജേഷ് മോൻജി**

# ഉള്ളടക്കം

1. **എൻമകജെ: അധികാരവും പരിസ്ഥിതിയും**
ഡോ. വിജയൻ എം.എ.........15

2. **സ്ത്രീയും സ്വാതന്ത്ര്യപ്രഖ്യാപനങ്ങളും 'കല്യാണിയുടെയും ദാക്ഷായണിയുടെയും കത'യിൽ**
പ്രവീണ നാരായണൻ .........22

3. **സാഹിത്യത്തിന്റെ അപരവൽക്കരണം മലയാളസാഹിത്യചരിത്രങ്ങളിൽ**
രശ്മി ടി.എൻ.........33

4. **മണ്ണും മനുഷ്യനും: പാരസ്പര്യത്തിന്റെ വിഭാവനകൾ:** അംബികാസുതൻ മാങ്ങാടിന്റെ തെരഞ്ഞെടുത്ത കഥകളെ മുൻനിർത്തിയുള്ള വിചാരം
അനു വി.എസ്.........43

5. **പൊറാട്ടു നാടകം : ഒരു ഭാഷാശാസ്ത്ര പഠനം** പാലക്കാടൻ പ്രാദേശികഭേദവും പദരൂപീകരണവും
രേഷ്മ സി.........49

6. **'നിലം പൂത്തു മലർന്ന നാൾ' – തിണവഴികളിലെ പലായനം**
രൂപ ശശിധരൻ എ.........59

7. **വനപരിസ്ഥിതിയുടെ പ്രതിനിധാനങ്ങൾ കരിമ്പുലിയിൽ**
ഹരിത സി.എച്ച് .........70

8. **കുടുംബ വ്യവസ്ഥയും പെണ്ണധികാരവും – ഓട്ടോറിക്ഷക്കാരന്റെ ഭാര്യയിൽ**
രമ്യ സി. .........80

9. **'സൂസന്നയുടെ ഗ്രന്ഥപ്പുര'യിലെ സ്ത്രീകൾ**
സൗമ്യ സി. .........89

10. **പ്രവാസ തിരസ്ക്കാരങ്ങളുടെ പ്രത്യക്ഷീകരണങ്ങൾ 'ഈസ'യിൽ**
രമ്യ കെ .........98

MESMAC International Conferences 2022
ISBN 978-81-956895-2-1

11. **ജൈവാധികാരത്തിന്റെ സൂക്ഷ്മരൂപങ്ങൾ വിനോയ് തോമസിന്റെ കഥകളിൽ–**
'ഉടമസ്ഥനെ' മുൻനിർത്തിയുള്ള വായന
ആതിര എ.കെ. ....................................................................108

12. **കുടുംബം: ഉടമാകർതൃത്വവും അധികാരപ്രയോഗവും:**
പാത്തുമ്മയുടെ ആടിനെ മുൻനിർത്തിയുള്ള വിചാരങ്ങൾ
ഡിന്നുമോൻ പി.ജി ....................................................................117

13. **ദളിത് രാഷ്ട്രീയം ആധുനിക മലയാളചെറുകഥയിൽ**
ഡോ. ലതിക. എ.സി ....................................................................129

14. **ആടുജീവിതവും പ്രവാസവും**
എൻ. രജനി ....................................................................137

15. **അടഞ്ഞ ഭൂമികയിലെ അഭയാർത്ഥിജീവിതങ്ങൾ:**
ഒട്ടുചെടിയെ മുൻനിർത്തിയുള്ള പഠനം
ഡോ. രാജേഷ് എം.കെ. ....................................................................144

16. **കവിതയിലെ പരിസ്ഥിതിബോധത്തിന്റെ ഉൾക്കാഴ്ച :**
ഇടശ്ശേരി, പി.കുഞ്ഞിരാമൻ നായർ, വൈലോപ്പിള്ളി
എന്നിവരുടെ കവിതകളിൽ
ഡോ. സന്തോഷ് കുമാർ വള്ളിക്കാട് ....................................................................154

17. **പ്രവാസമലയാളം നാടിനൊപ്പം നടക്കുമ്പോൾ:**
സോണി ഡിത്തിന്റെ കവിതകൾ മുൻനിർത്തിയുള്ള
ആലോചനകൾ
ഡോ. അബ്ദുസമദ് കെ.ടി ....................................................................169

18. **'ബിരിയാണി' എന്ന സിനിമയിലെ സ്ത്രീപക്ഷ വായന**
ഫാത്തിമ ആർ.വി. ....................................................................173

19. **ദളിത് സ്വത്വരൂപീകരണം മലയാളസിനിമയിൽ:**
വിനായകനെ കേന്ദ്രീകരിച്ച് ഒരു പഠനം
ധന്യ പി.എസ് ....................................................................179

20. **മലയാളചലചിത്രഗാനങ്ങളിലെ ദളിത്പ്രാതിനിധ്യം തിരഞ്ഞെടുത്ത ചലചിത്രങ്ങളെ മുൻനിർത്തി ഒരു പഠനം**
ഫാത്തിമത്ത് മുസ്ഫിറ വി. ....................................................................187

21. **ആഖ്യാനനിർമിതിയിലെ മാറുന്ന സമവാക്യങ്ങൾ –**
സമകാല മലയാള ചലച്ചിത്രങ്ങളെ മുൻനിർത്തി ഒരു പഠനം
ഡോ. അനു. പി. എസ് ....................................................................195

MESMAC International Conferences 2022
ISBN 978-81-956895-2-1


22. **പുനരുജ്ജീവനത്തെക്കുറിച്ചുള്ള ആശയാവലികൾ:**
ലോക പുനർനിർമ്മാണസമ്മേളനത്തിലെ ആശയത്തെ
മുൻനിർത്തിയുള്ള ചിന്തകൾ
ഡോ. ഉമൈബാൻ പി.എ ....................209

**23. അഭ്യന്തര അഭയാർത്ഥികളുടെ ഇന്ത്യ**
അബു ആസിൽ ....................218

**24. സുസ്ഥിരപാർപ്പിടത്തെക്കുറിച്ചുള്ള അവബോധവും കാഴ്ചപ്പാടും പ്രാദേശികജനങ്ങളിൽ:**
മലപ്പുറം ജില്ലയിലെ വാഴയൂർ ഗ്രാമപഞ്ചായത്തിനെ
ആസ്പദമാക്കിയുള്ള പഠനം
അഞ്ജന പി. & ജയ്നി വർഗ്ഗീസ് ....................228

MESMAC International Conferences 2022
ISBN 978-81-956895-2-1

# 24.

# സുസ്ഥിരപാർപ്പിടത്തെക്കുറിച്ചുള്ള അവബോധവും കാഴ്ചപ്പാടും പ്രാദേശികജനങ്ങളിൽ:

## മലപ്പുറം ജില്ലയിലെ വാഴയൂർ ഗ്രാമപഞ്ചായത്തിനെ ആസ്പദമാക്കിയുള്ള പഠനം

**അഞ്ജന പി. & ജയ്നി വർഗ്ഗീസ്**

പരിസ്ഥിതിപഠന സ്കൂൾ
തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാല
അക്ഷരം ക്യാമ്പസ്, വാക്കാട് പി.ഒ, തിരൂർ
anjanawhiskerbat@gmail.com

**പ്രബന്ധസംഗ്രഹം**

സുസ്ഥിരവികസനാശയത്തിലധിഷ്ഠിതമായ പാർപ്പിട വികസനത്തെ സുസ്ഥിരപാർപ്പിടം (Sustainable Housing) എന്നുവിളിക്കാം. നിലവിലുള്ള പാരിസ്ഥിതികവും സാമൂഹികവും സാമ്പത്തികവുമായ സാഹചര്യങ്ങളോട് മനുഷ്യവാസകേന്ദ്രമായ പാർപ്പിടം എത്രത്തോളം പൊരുത്തപ്പെട്ടു നിൽക്കുന്നു എന്നത് സുസ്ഥിരവികസനത്തെ ശക്തമായി സ്വാധീനിക്കുന്ന ഘടകമാണ്. ഇന്ത്യയിൽ സുസ്ഥിരവികസനസൂചികയിൽ ഒന്നാമതായതായിട്ടുള്ള കേരളത്തിന്റെ, അതിവേഗം നഗരവൽക്കരിച്ചുകൊണ്ടിരിക്കുന്നതും വളരെയധികം പരിസ്ഥിതിലോലവുമായ ഗ്രാമങ്ങളിലെ നിലവിലുള്ള പാർപ്പിട വികസനരീതികൾ എത്രത്തോളം ബുദ്ധിപരമാണെന്നുള്ളത് പഠനവിധയമാകേണ്ടതാണ്. ഈ പരിപ്രേഷ്യത്തിലാണ് കേരളത്തിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയിലെ,വാഴയൂർ ഗ്രാമപഞ്ചായത്തിലെ പ്രാദേശിക ജനങ്ങളിൽ സുസ്ഥിര പാർപ്പിടത്തെ കുറിച്ചുള്ള അവബോധവും കാഴ്ചപ്പാടും മനസിലാക്കുക എന്ന ലക്ഷ്യത്തെ കേന്ദ്രീകരിച്ചുകൊണ്ട് ഇത്തരത്തിലുള്ള പഠനം നടത്തുന്നത്. കേരളത്തിൽ പ്രാദേശിക ജനങ്ങളെ കേന്ദ്രീകരിച്ചുള്ള മുൻകാല പഠനങ്ങൾ വളരെ കുറച്ചു മാത്രമാണ് നടന്നിട്ടുള്ളത്. അത് കൊണ്ട് തന്നെ അത്തരത്തിലുള്ള പഠനങ്ങളുടെ ആവശ്യകതയും ശക്തമായി വർദ്ധിച്ചു വരികയാണ്. ഈ സാഹചര്യമാണ് ഈ പഠനത്തിന്റെ അടിസ്ഥാന പ്രസക്തി. സുസ്ഥിരപാർപ്പിടം എന്ന ആശയത്തിന്റെ വ്യത്യസ്ത മാനങ്ങളെയും ഉൾച്ചേർന്നിരിക്കുന്ന ഘടകങ്ങളെയും ഈ പഠനം

സമഗ്രമായ് വിശകലനം ചെയ്യുന്നു. പൂർവ്വകാലപഠനങ്ങളും റിപ്പോർട്ടുകളും ഉൾപ്പെടുന്ന ദ്വിതീയദത്തങ്ങളും പ്രാഥമിക ദത്തങ്ങളും ആധാരമാക്കിയുള്ള വിശകലനാത്മക രീതിയാണ് അവലംബിച്ചിട്ടുള്ളത്.സുസ്ഥിര പാർപ്പിടത്തിന്റെ സാമൂഹിക സാമ്പത്തിക പാരിസ്ഥിതിക ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ ചോദ്യവലി മുഖേന, റാന്റ്റം സെലക്ഷനിലൂടെ തിരഞ്ഞെടുത്ത പഞ്ചായത്തിലെ 50പേരിൽ നടത്തിയ സർവ്വേയിൽനിന്നുമാണ് പഠനത്തിനാവശ്യമായ പ്രാഥമികദത്തങ്ങൾ ശേഖരിച്ചിട്ടുള്ളത്.പഠനത്തിൽ നിന്നും 81%പേർക്കും സുസ്ഥിര പാർപ്പിടത്തെ കുറിച്ച് വ്യക്തമായ അവബോധമില്ലെന്ന് കണ്ടെത്താനായി. പാർപ്പിടത്തിന്റ സാമൂഹികസുസ്ഥിരതയെക്കുറിച്ച് 58%പേർക്ക് കൃത്യമായ അവബോധമുണ്ടെങ്കിലും സാമ്പത്തികസുസ്ഥിരതയെ കുറിച്ച് 29% പേർക്കും പരിസ്ഥിതിക സുസ്ഥിരതയെ കുറിച്ച് 32%പേർക്കും മാത്രമാണ് ശരിയായ അറിവുള്ളൂ എന്നതാണ് പഠനത്തിൽനിന്നും മനസിലാക്കാനായത്. പാർപ്പിടവികസനത്തിൽ സുസ്ഥിരമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിലെ പ്രധാന പ്രതിസന്ധി അമിത സാമ്പത്തികച്ചിലവാണെന്നുള്ള അഭിപ്രായമാണ് കൂടുതൽ പേരും പങ്കുവച്ചിട്ടുള്ളത് . എന്നാൽ ഉയർന്ന വരുമാനമുള്ളവർ പാർപ്പിടങ്ങളിൽ പ്രകൃതി സൗഹാർദ്ദ സുസ്ഥിരമാർഗ്ഗങ്ങളെ സ്വീകരിക്കാൻ സന്നദ്ധരാണെന്നുള്ളതാണ് പഠനത്തിൽ നിന്നും കണ്ടെത്താനായ മറ്റൊരു വസ്തുത. 2030ഓടു കൂടി അതിജീവന ശേഷിയുള്ള സുസ്ഥിരനഗരങ്ങളെയും സുസ്ഥിര സംയോജിത പാർപ്പിടങ്ങളെയും വികസിപ്പിക്കുകയെന്ന ഐക്യരാഷ്ട്ര സംഘടനയുടെ സുസ്ഥിരവികസനലക്ഷ്യം യാഥാർഥ്യമാക്കുന്നതിന് നഗരവാസികളോടൊപ്പം ഗ്രാമീണജനതയ്ക്കും ബോധവൽക്കരണം നടത്തേണ്ടത് അനിവാര്യമാണെന്നാണ് പഠനം നിർദേശിക്കുന്നു .

**താക്കോൽ പദങ്ങൾ** : പാർപ്പിടം,സുസ്ഥിരവികസനം, സുസ്ഥിര പാർപ്പിടം, പരിസ്ഥിതിക സുസ്ഥിരത, സാമ്പത്തിക സുസ്ഥിരത, സാമൂഹിക സുസ്ഥിരത

**ആമുഖം**

മാനവിക വികസന സൂചികയിലെ പ്രധാന ഘടകമാണ് പാർപ്പിടം എന്ന സംജ്ഞ. സംസ്ക്കാരം, പാരമ്പര്യം, തൊഴിൽ, ജീവിത രീതി എന്നിവയിലൊക്കെ ആശ്രയിച്ചിരിക്കുന്നതിനാൽ പാർപ്പിടം എന്ന ആശയം വ്യക്തികളിൽ തന്നെ വ്യത്യാസപ്പെട്ടിരിക്കുന്നു(Nair et al, 2005). നഗരം-ഗ്രാമ പ്രദേശങ്ങളിലും വ്യത്യസ്ത രാജ്യങ്ങൾക്കിടയിലും (വികസിത -വികസ്വര -അവിക

MESMAC International Conferences 2022
ISBN 978-81-956895-2-1

സിത) ഈ അന്തരം കാണാം. പാർപ്പിടം എവിടെ സ്ഥിതി ചെയ്യുന്നു, അവ എങ്ങനെ രൂപകല്പന ചെയ്യുന്നു, എങ്ങനെ നിർമ്മിക്കുന്നു എന്നതിനൊപ്പം നിലവിലെ പാരിസ്ഥിതികവും സാമൂഹികവും സാമ്പത്തികവുമായ ഘടകങ്ങളുമായി പാർപ്പിടം എത്രത്തോളം സമന്വയിക്കുന്നു എന്നതൊക്കെയും വ്യക്തിയുടെ ദൈനംദിന ജീവിതത്തെയും ആരോഗ്യ -സുരക്ഷ -ക്ഷേമം എന്നിവയെയും സ്വാധീനിക്കുന്നുണ്ട്(UN-HABITAT,2012). അതുകൊണ്ട് തന്നെ പാർപ്പിടം സുസ്ഥിരവികസനത്തിന്റെ പ്രധാന കേന്ദ്രമായി വർത്തിക്കുന്നു

സുസ്ഥിരവികസനാശയത്തിൽ അധിഷ്ഠിതമായ പാർപ്പിട വികസനത്തെ സുസ്ഥിര പാർപ്പിടം എന്ന് വിളിക്കാം. എന്നാൽ വികസ്വരരാജ്യങ്ങളിൽ സുസ്ഥിര പാർപ്പിടം എന്ന ആശയത്തിന് വേണ്ടത്ര അംഗീകാരവും പ്രാധാന്യവും ലഭിച്ചിട്ടില്ലെന്നാണ് UN-Habitat(2012)ന്റെ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നത്. നഗരങ്ങളിൽ പാർപ്പിടവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൂടിവരുന്നുണ്ട്. ഇതിന്റെ പ്രധാന കാരണം ഒരു പാർപ്പിടത്തിന്റെ സുസ്ഥിരതയുടെ ഘടകങ്ങളായ സാമൂഹികം, സാമ്പത്തികം, സംസ്കാരികം, പാരിസ്ഥിതികം എന്നീ തലങ്ങളെ വേണ്ട രീതിയിൽ വേണ്ടവിധത്തിൽ മനസിലാക്കാൻ സാധിക്കാത്തതിനാലാണെന്ന വാദം നൈജീരിയയിൽ നടത്തിയ പഠനം മുന്നോട്ട് വയ്ക്കുന്നു (Herda et al, 2017). വികസന പ്രക്രിയകൾ പാരമ്യത്തിലെത്താതെ അവ ആരംഭിക്കുകയോ നടന്നുകൊണ്ടിരിക്കുകയോ ചെയ്യുന്ന വികസ്വര രാജ്യങ്ങളിൽ സുസ്ഥിര പാർപ്പിടം എന്ന ആശയം എളുപ്പത്തിൽ നടപ്പിലാക്കാൻ സാധിക്കും, ഇതിനായി പൊതുജനങ്ങളിൽ സുസ്ഥിര പാർപ്പിടത്തെ കുറിച്ച് ശരിയായ അവബോധം സൃഷ്ടിക്കേണ്ടത് അനിവാര്യമാണെന്ന് സൗദ്യ അറേബ്യ കേന്ദ്രികരിച്ചു നടത്തിയ പഠനത്തിൽ പറയുന്നു (Susilawatti & Surf, 2011).

വികസ്വര രാജ്യമായ ഇന്ത്യയുടെ സുസ്ഥിര വികസന സൂചികയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനമാണ് കേരളം. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ പാർപ്പിട സാഹചര്യങ്ങൾ മെച്ചപ്പെട്ടതാണെന്ന് കണ്ണൻ, ഇമ്രാൻ ഖാൻ എന്നിവർ (2016)' ലോറി ബേക്കർ സെന്റർ ഫോർ ഹാബിറ്ററ്റ് സ്റ്റഡീസ് 'ന്റെ കീഴിൽ നടത്തിയ പഠനത്തിൽ തെളിയിച്ചിട്ടുണ്ട്. എന്നാൽ അടിക്കടി പ്രകൃതി ദുരന്തങ്ങൾ അനുഭവിക്കുന്ന കേരളത്തിന്റെ ഭൂമി

MESMAC International Conferences 2022
ISBN 978-81-956895-2-1 

ശാസ്ത്രത്തിന്റെ പ്രത്യേകതയ്ക്കനുസൃതമായ സുസ്ഥിര പാർപ്പിടങ്ങൾ ഇന്ന് ആവശ്യമായി വന്നിരിക്കുകയാണെന്ന് കേരളത്തിലെ പഠനത്തിൽനിന്നും വ്യക്തമാണ് (Khalam&Akhinabhalu, 2020).സുസ്ഥിര നഗരങ്ങളെയും സുസ്ഥിര സംയോജിത പാർപ്പിടങ്ങളെയും ആസൂത്രണം ചെയ്യുക, നടപ്പിലാക്കുക എന്ന ആഗോള സുസ്ഥിര വികസന ലക്ഷ്യവുമായി ചേർത്ത് അതിവേഗം നഗരവത്കരിച്ചു കൊണ്ടിരിക്കുന്ന കേരളത്തെ പരിശോധിക്കുമ്പോൾ, പാർപ്പിട നിർമാണം കാർബൺ ബഹിർഗമനത്തിന്റെ അളവ് കുറച്ചു കൊണ്ടു വേണം നടപ്പിലാക്കാൻ എന്ന വസ്തുത നമുക്ക് ഒഴിച്ചു കൂടാനാകാത്തതാണ് എന്ന് വ്യക്തമാക്കുന്നു. നഗരങ്ങളോട് ചേർന്ന് നില്കുന്ന ചെറുഗ്രാമങ്ങളൊക്കെയും ക്രമേണ നഗരവൽക്കരിക്കപെടുന്നുവെന്നതാണ് കേരളത്തിന്റെ നഗരവൽക്കരണത്തിന് കാരണം. എന്നാൽ ഗ്രാമീണജനങ്ങളിൽ സുസ്ഥിര പാർപ്പിട ആശത്തെ കുറിച്ചുള്ള അവബോധത്തെ സംബന്ധിച്ചു ഗവേഷണ പഠനങ്ങളിൽ ചർച്ച ചെയ്യപ്പെട്ടിട്ടില്ല. ഈ പരിപ്രേഷ്യത്തിലാണ് സുസ്ഥിര പാർപ്പിടം' എന്ന ആശയത്തെ മനസ്സിലാക്കുക, പ്രാദേശിക ജനങ്ങളിൽ 'സുസ്ഥിരപാർപ്പിടം' എന്ന ആശയത്തെ കുറിച്ചുള്ള അവബോധവും കാഴ്ചപ്പാടും കണ്ടെത്തുക, പാർപ്പിടത്തിന്റെ പാരിസ്ഥിതീക, സാമ്പത്തിക, സാമൂഹിക സുസ്ഥിരതയെ കുറിച്ചുള്ള ജനങ്ങളുടെ അവബോധവും തിരിച്ചറിയുക എന്നീ ലക്ഷ്യങ്ങളെ കേന്ദ്രിച്ചു നടത്തിയ ഈ പഠനം പഠനത്തിന്റെ പ്രസക്തി.

**രീതിശാസ്ത്രം**

**പഠന പ്രദേശം**: കേരളത്തിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ലയാണ് മലപ്പുറം. മലപ്പുറം ജില്ലയിലെ വാഴയൂർ ഗ്രാമപഞ്ചായത്തിനെയാണ് പഠന മേഖലയായി തിരഞ്ഞെടുത്തടുത്തിരിക്കുന്നത്. മൊത്തം 17വാർഡുകളിലായി 29319 പേർ താമസിക്കുന്നു. 14655 സ്ത്രീകളും, 14634 പുരുഷന്മാരും പഞ്ചായത്തിൽ അധിവസിക്കുന്നു.

**ദത്ത ശേഖരണം:** പഠനം പൂർത്തീകരിക്കുന്നതിനായി പ്രാഥമിക ദത്തശേഖരണത്തിലൂടെയും ദ്വിതീയദത്തശേഖരണത്തിലൂടെയും വിവരങ്ങൾ ശേഖരിച്ചു. പഞ്ചായത്തിൽ നിന്നും റാന്റം സെലക്ഷനിലൂടെ തിരഞ്ഞെടുത്ത 50 പേരിൽ നിന്നും 27 ചോദ്യങ്ങളടങ്ങുന്ന ചോദ്യവലി തയ്യാറാക്കി 2021 ജൂലൈ മാസത്തിൽ നട

MESMAC International Conferences 2022
ISBN 978-81-956895-2-1

ത്തിയ സർവ്വെയിലുടെയാണ് പ്രാഥമിക ദത്തങ്ങൾ ശേഖ രിച്ചത്. ദ്വിതീയ ദത്ത ശേഖരണത്തിനായി അക്കാദമിക ജേർണലുകൾ, വിവിധ റിപ്പോർട്ടുകൾ, വെബ്സൈറ്റുകൾ, പുസ്തകങ്ങൾ എന്നിവ ഉപയോഗിച്ചു.

**കണ്ടെത്തലുകളും വിശകലനങ്ങളും**

സുസ്ഥിര പാർപ്പിടം -ആശയവും ഘടകങ്ങളും

ഭാവി തലമുറയുടെ അവശ്യ ജീവനോപാധികൾ നിറവേറ്റുന്നതിനുള്ള ശേഷിയോട് വിട്ടു വീഴ്ച ചെയ്യാതെ, നിലവിലുള്ള തലമുറകളുടെ ജീവിതാവശ്യങ്ങൾ നിറവേറ്റുന്ന പ്രക്രിയയാണ് സുസ്ഥിര വികസനം (Kirkby et al, 1995). പാർപ്പിടത്തിന്റെ ആസൂത്രണവും വികസനവും മെച്ചപ്പെടുത്തലുകളും നടത്തേണ്ടത് സുസ്ഥിര വികസന തത്വങ്ങളെ പരിഗണിച്ചുകൊണ്ടായിരിക്കണം. ഇത്തരത്തിലാണ് സുസ്ഥിര പാർപ്പിടം വിഭാവനം ചെയ്യപ്പെടുന്നത്. പാർപ്പിടത്തിന്റെ രൂപകല്പന, നിർമ്മാണം, ഉപകരണങ്ങൾ,സേവനങ്ങൾ എന്നിങ്ങനെ നിലകളിൽ സാമൂഹിക-സാമ്പത്തിക - പാരിസ്ഥിതിക സുസ്ഥിരത കൈവരിക്കുന്ന പ്രക്രിയയാണ് സുസ്ഥിര പാർപ്പിടം എന്ന ആശയം വിഭാവനം ചെയ്യുന്നത് (Ibem&Aduwo, 2015). സുസ്ഥിര പാർപ്പിടത്തിന്റ മൂന്ന് പ്രധാന ഘടകങ്ങൾ സാമൂഹിക സുസ്ഥിരത (social sustainablity), സാമ്പത്തിക സുസ്ഥിരത, (Economic Sustainability), പാരിസ്ഥിതീക സുസ്ഥിരത (Environmental Sustainablity) എന്നിവയാ




ചിത്രം.1.സുസ്ഥിര പാർപ്പിടം -ഘടകങ്ങളിലെ ആശയം

MESMAC International Conferences 2022
ISBN 978-81-956895-2-1


ണെന്ന് UN-HABITAT ന്റെ റിപ്പോർട്ടിനെ വിശകലനം ചെയ്യുന്നതിലൂടെ മനസിലാക്കാൻ സാധിക്കുന്നു. ഈ ഘടകങ്ങളിലെ ആശയ സംഷിപ്തമാണ് ചിത്രം (1)ൽ കൊടുത്തിരിക്കുന്നത്.

**സുസ്ഥിര പാർപ്പിടം –പ്രാദേശിക ജനങ്ങളിലെ അവബോധവും കാഴ്ചപ്പാടുകളും**

സുസ്ഥിര പാർപ്പിടത്തെ കുറിച്ച് പ്രാദേശിക ജനങ്ങളിലെ അവബോധം വളരെ കുറവാണെന്നാണ് പഠനത്തിൽ നിന്നും മനസിലാക്കാൻ സാധിച്ചത്.സർവ്വെയിൽ പങ്കെടുത്ത പഞ്ചായത്തിലെ 81% പേർക്കും സുസ്ഥിര പാർപ്പിടത്തെ കുറിച്ച് കൃത്യമായ അറിവില്ല. പ്രകൃതി സൗഹാർദ ഭവനം എന്നാണ് 52% പേരും സുസ്ഥിര പാർപ്പിടത്തെ മനസിലാക്കിയിരിക്കുന്നത്. എന്നാൽ ഇത് പാർപ്പിടത്തിന്റെ പരിസ്ഥിതിക തലം മാത്രമാണ്.പാർപ്പിട നിർമാണ ഘട്ടത്തിൽ ഏറ്റവും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് സാമ്പത്തിക തലത്തെ കുറിച്ചാണ് എന്ന് 54 % പേരും അഭിപ്രായപ്പെടുന്നു. 16% പേർ മാത്രമാണ് ഭവന നിർമ്മാണ ഘട്ടത്തിൽ പാരിസ്ഥിതിക തലത്തിന് കൂടുതൽ പരിഗണന നൽകിയിരിക്കുന്നതെന്നാണ് സർവ്വേയിലെ കണ്ടെത്തൽ.

**പാർപ്പിടത്തിലെ പാരിസ്ഥിതിക സുസ്ഥിരതയെ കുറിച്ചുള്ള അവബോധം**

ജനങ്ങളിൽ പാർപ്പിടത്തിന്റെ പരിസ്ഥിതിക സുസ്ഥിരതയെന്ന ആശയത്തെ കുറിച്ച് കൃത്യമായി മനസിലാക്കിയത് 32% പേർ മാത്രമാണെന്നാണ് പഠനം കണ്ടെത്തുന്നത്. വീട് നിർമ്മാണത്തിൽ ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളലിനെ കുറിച്ചുള്ള അവബോധം പഞ്ചായത്തിലെ 62% പേർക്കുമില്ല എന്നതും, അതെ സമയം ഭൂരിഭാഗം ആളുകളും (94%) കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കുന്നതിൽ വ്യക്തിഗത ഉത്തരവാദിത്തത്തെ അനുകൂലിക്കുന്നവരാണെന്നുള്ള വൈരുദ്ധ്യമേറിയ വസ്തുത പഠനത്തിൽ നിന്നും കണ്ടെത്താനായി. വീടുകളിൽ ഹരിത സാങ്കേതിക വിദ്യകൾ, പുനരുപയോഗ സാധ്യതയുള്ള ഊർജ്ജ സ്രോതസ്സുകൾ എന്നിവ ഉപയോഗിക്കുന്നവർ 20% താഴെയാണെന്ന് പഠനത്തിൽ നിന്നും കണ്ടെത്താനായത്.ഊർജ്ജ സംരക്ഷണ സംവിധാനം, മാലിന്യ സംസ്കാരണ സംവിധാനം എന്നിവ സുസ്ഥിര പാർപ്പിടത്തിന്റെ മാനദണ്ഡങ്ങളായി പഠനങ്ങൾ വിലയിരുത്തുന്നുണ്ട് (Nainggolan,Sewi&Panjaitan, 2020). നൂതന സംവിധാനങ്ങളൊന്നും പഞ്ചായത്തിലെ ജനങ്ങൾ ഇതിനായി വീടുകളിൽ

MESMAC International Conferences 2022
ISBN 978-81-956895-2-1

ഉപയോഗിക്കുന്നില്ല എന്ന് പഠനത്തിൽ മനസ്സിലാക്കാനാകും. എന്നാൽ ഊർജ്ജ സംരക്ഷണത്തിനായി ആവശ്യത്തിന് ശേഷം പവർ ഓഫ് ചെയ്യാൻ ശ്രമിക്കുന്നുണ്ടെന്ന് പഠനത്തിൽനിന്നും കണ്ടെത്താനായിട്ടുണ്ട് . സുസ്ഥിര പാർപ്പിടവുമായി ബന്ധപ്പെട്ട് മെക്സികോയിൽ വെച്ച് നടന്ന പഠനത്തിൽ, വീടുകൾ വൈദ്യു തോർജ്ജ ഉപഭോഗം 77% ആയി കുറച്ചപ്പോൾ, ഹരിത ഗൃഹ വാതക പ്രഭാവം 2.4ടൺ വരെ ഓരോ വർഷവും കുറയ്ക്കുവാൻ സാധിച്ചു എന്ന് രേഖപെടുത്തുന്നുണ്ട് (Plata, 2021).


## പാർപ്പിടത്തിലെ സാമ്പത്തിക സുസ്ഥിരതയെ കുറിച്ചുള്ള അവബോധം

വീട് നിർമ്മിക്കുമ്പോൾ ഏറ്റവും കൂടുതൽ ജനങ്ങൾ ശ്രദ്ധ കേന്ദ്രികരിക്കുന്ന ഘടകമാണ് സാമ്പത്തിക തലമെങ്കിലും കേവ ലം 29% ശതമാനം ജനങ്ങൾക്കാണ് പാർപ്പിടത്തിലെ സാമ്പത്തിക സുസ്ഥിരതയെ കുറിച്ച് അവബോധമുള്ളൂവെന്നാണ് പഠനത്തിലെ കണ്ടെത്തൽ. 64%പേരും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോൺ സ്വീകരിച്ചാണ് വീട് നിർമിച്ചിരിക്കുന്നത്. വീട് മോടി പിടിപ്പിക്കൽ, മറ്റു നിർമിതികൾ എന്നിവയ്ക്കായി ഓരോ വർഷ വും വാർഷിക വരുമാനത്തിന്റെ 30%ത്തിൽ കൂടുതൽ ഉപയോ ഗിക്കുന്നത് അഫോർഡബിൾ(Affordable) ആയ പാർപ്പിടമായി കണക്കാക്കാൻ സാധിക്കില്ല എന്ന് പഠനങ്ങൾ പറയുന്നു(Ibem & Aduwo, 2020). അത്തരത്തിൽ 30%ത്തിൽ കൂടുതൽ ചെലവഴി ക്കുന്നവർ പഞ്ചായത്തിൽ വളരെ കുറച്ചു ആളുകൾ മാത്രമാ ണെന്നുള്ളത് ആശ്വാസകരമായ വസ്തുതയാണ്.

## പാർപ്പിടത്തിലെ സാമൂഹിക സുസ്ഥിരതയെ കുറിച്ചുള്ള അവബോധം

സ്വന്തം വീടിന്റെ സാമൂഹിക സുസ്ഥിരതയെ കുറിച്ച് അറി വും അവബോധമുള്ളവരാണ് 58% ജനങ്ങൾ എന്നു പഠനം തെളി യിച്ചു(ചിത്രം.2).കേരളത്തിന്റെ പൊതു ബോധത്തിൽ പാർ പ്പിടത്തിന്റെ സാമൂഹിക അന്തസ്സിനും സംസ്കാരത്തിനും കൂടുത ൽ പ്രാധാന്യമർഹിക്കുന്നുണ്ട് എന്ന വാദം (Verona,2021) ഈ കണ്ടെത്തലിനെ ശരിവെക്കുന്നതാണ്.

ജനങ്ങളുടെ സാമൂഹിക സാമ്പത്തിക സ്ഥിതിയും സുസ്ഥിര പാർപ്പിടത്തെ കുറിച്ചുള്ള അവബോധവും തമ്മിലുള്ള ബന്ധം




ചിത്രം.2.
സുസ്ഥിര പാർപ്പിടത്തിന്റെ ഘടകങ്ങളിലെ അവബോധത്തിലെ താരതമ്യം

ജനങ്ങളുടെ വിദ്യാഭ്യാസവും സാമ്പത്തിക സ്ഥിതിയും സുസ്ഥിര പാർപ്പിടത്തെ കുറിച്ചുള്ള അവബോധവും കാഴ്ചപ്പാടും രൂപപ്പെടുത്തുന്നതിൽ ജനങ്ങളെ സ്വാധീനിക്കുന്നുണ്ടെന്ന് പഠന

ത്തിലൂടെ തെളിയിക്കപ്പെട്ടു.സർവ്വേയിൽ പങ്കെടുത്ത വ്യക്തികളിൽ സുസ്ഥിര പാർപ്പിടത്തെ കുറിച്ച് വ്യക്തമായ അവബോധമുള്ളവരിൽ 81% പേരും ഉയർന്ന വിദ്യാഭ്യാസയോഗ്യതയുള്ളവരാണെന്ന് കണ്ടെത്താനായിട്ടുണ്ട്.സർവേയിൽ പങ്കെടുത്ത 32% പേർക്കാണ് ഒരു ലക്ഷത്തിൽ കൂടുതൽ വാർഷിക വരുമാനമുള്ളത്. വീട് നിർമാണത്തിൽ പ്രകൃതി സൗഹാർദ്ദ സാങ്കേതികതയെ സ്വീകരിച്ചവരിൽ 90%ആളുകളും ഒരു ലക്ഷത്തിൽ കൂടുതൽ വാർഷിക വരുമാനമുള്ളവരും സർക്കാർ ജീവനക്കാരുമാണ്.

## സുസ്ഥിര പാർപ്പിടവും രീതികളും – പ്രാദേശിക ജനങ്ങളുടെ പ്രതിസന്ധികളും

സുസ്ഥിര പാർപ്പിട രീതികളും ഹരിത സാങ്കേതിക വിദ്യകളും സ്വീകരിക്കുന്നതിൽ പ്രാദേശിക ജനങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികളെ പഠനത്തിലൂടെ ക്രോഡീകരിക്കാനായിട്ടുണ്ട്. 40% പേർ ഭീമമായ സാമ്പത്തിക ചിലവാണെന്ന ധാരണയാണെന്നും, 36% പേർ സാങ്കേതികതകളെ കുറിച്ചും രീതികളെ കുറിച്ചും അറിവില്ല എന്നും , 17% പേർ ലഭ്യതക്കുറവാണെന്നും (Not

MESMAC International Conferences 2022
ISBN 978-81-956895-2-1

accessible),10% പേർ താല്പര്യമില്ലായ്മ എന്നും വെല്ലുവിളികളെന്ന രീതിയിൽ അഭിപ്രായപ്പെടുന്നത്..ഏറ്റവും കൂടുതൽ ആളുകൾക്കും സുസ്ഥിര പാർപ്പിട രീതികൾ സ്വീകരിക്കുന്നതിൽ പ്രധാന വെല്ലുവിളി വൻ സാമ്പത്തിക ചിലവാണെന്നുള്ള ധാരണയാണ് വെല്ലുവിളിയാകുന്നത്.എന്നാൽ പ്രാദേശികമായി ലഭ്യമായ പ്രകൃതി ജന്യ വസ്തുക്കൾ കൊണ്ട് ചിലവ് കുറഞ്ഞ രീതിയിൽ പാർപ്പിട നിർമ്മാണം സാധ്യമാക്കാമെന്ന് പഠനങ്ങൾ പറയുന്നു (Lakshmi & Subha, 2010).പ്രകൃതി സൗഹാർദ്ദ രീതികൾ (ഊർജ്ജം, ജലം, മാലിന്യങ്ങൾ എന്നിവയുടെ കാര്യക്ഷമമായ ഉപഭോഗം) സാമ്പത്തിക ചിലവ് കുറക്കുന്നതായും പഠനങ്ങൾ നടന്നിട്ടുണ്ട് (Mandell & Whilhelmsson, 2021). ഹരിത സാങ്കേതിക വിദ്യയെ കുറിച്ചുള്ള ജനങ്ങളുടെ അവബോധമില്ലായ്മ അവയുടെ സ്വീകാര്യതക്കു തടസം സൃഷ്ടിക്കുന്നു (Nair et al, 2015). സുസ്ഥിര പാർപ്പിട രീതി എന്നത് ചെലവ് കുറഞ്ഞതും പ്രകൃതി സൗഹാർദ്ദമായതും അതോടൊപ്പം സാമൂഹികമായി അന്തസുറ്റതുമായ പാർപ്പിട വികസന കാഴ്ച്ചപാടാണ്.

**ഉപസംഹാരം**

വാഴയൂർ ഗ്രാമപഞ്ചായത്തിലെ പ്രാദേശിക ജനങ്ങളിലെ ഭൂരിഭാഗം പേർക്കും സുസ്ഥിര പാർപ്പിടത്തെ കുറിച്ച് അവബോധമില്ലെന്നും, ജനങ്ങളുടെ സാമൂഹിക സാമ്പത്തിക സ്ഥിതി ഇതിനെ സ്വാധീനിക്കുന്ന ഘടകമാണെന്നും പഠനത്തിലൂടെ മകണ്ടെത്താനായിട്ടുണ്ട്. അവബോധമില്ലായ്മയും ധാരണക്കുറവും സുസ്ഥിരഭവനം സാധ്യമാക്കുന്നതിനുള്ള പ്രധാന വെല്ലുവിളിയാണെന്ന് പഠനത്തിൽ നിന്നും മനസിലാക്കാം. സുസ്ഥിര പാർപ്പിടത്തിന്റെ സാമൂഹികതലം, സാമ്പത്തിക തലം എന്നീ തലങ്ങളെ അപേക്ഷിച്ച്, സാമൂഹിക തലങ്ങളെക്കുറിച്ചു കൂടുതൽ അവബോധമുള്ളവരാണ് ജനങ്ങളെന്നും കണ്ടെത്താൻ ഈ പഠനത്തിന് സാധിച്ചു.

ആധുനിക ലോകത്ത് മനുഷ്യന്റെ ആവശ്യങ്ങൾ വിവേകപൂർവ്വം കൈവരിക്കുന്നതിനുള്ള സുപ്രധാന ആശയമായി മാറുകയാണ് സുസ്ഥിര വികസനം. ഭരണകൂടവും നയങ്ങളും ജനങ്ങളും ഒരുമിച്ച് ചേർന്ന് സാധ്യമാക്കേണ്ട വീക്ഷണമാണത്. സുസ്ഥിരമായ രീതിയിൽ പാർപ്പിടം സാധ്യമാക്കുക വഴി ആഗോള സുസ്ഥിര വികസന ലക്ഷ്യങ്ങളെ കൈവരിക്കുവാൻ പ്രാദേശിക ജനങ്ങളും

 MESMAC International Conferences 2022
ISBN 978-81-956895-2-1 

പങ്കാളികളാവുമെന്ന സന്ദേശമാണ് ഈ പഠനത്തിന്റെ സാരം. സുസ്ഥിരപാർപ്പിടം എന്ന ആശയത്തെയും അതിന്റെ സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക വശങ്ങളെയും ഉൾപെടുത്തി കൊണ്ടുള്ള ആശയ ഘടന രൂപവത്കരിച്ചു ജനങ്ങളിൽ കൃത്യ മായ അവബോധം സൃഷ്ടിക്കേണ്ടതിന്റെ സാഹചര്യം വാഴയൂർ ഗ്രാമപഞ്ചായത്തുപോലുള്ള ഗ്രാമങ്ങളിൽ അനിവാര്യമാണെന്ന് ഈ പഠനം തെളിയിക്കുന്നു.അതുകൊണ്ടുതന്നെ സുസ്ഥിര വിക സനം,, സുസ്ഥിര പാർപ്പിടം എന്നീ ആശയങ്ങളെ കുറിച്ച് നഗര വാസികളോടൊപ്പം ഗ്രാമീണ ജനതക്കും അവബോധം നൽകേണ്ട തുണ്ട്. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മാധ്യമ ങ്ങൾ എന്നിവയിലൂടെ ബോധവൽക്കരണ പരിപാടികൾ നടത്തു ക, ഹരിത സാങ്കേതിക വിദ്യകളുടെ ബിസിനെസ് ഔട്ട് ലെറ്റുകൾ ഗ്രാമപ്രദേശങ്ങളിലേക്കുകൂടെ വ്യാപിപ്പിക്കുക, കൂടുതൽ ഗവേഷ ണ പഠനങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നീ നിർദ്ദേശങ്ങൾ പഠനം മുന്നോട്ട് വയ്ക്കുന്നു.

## ഗ്രന്ഥസൂചി

Herda,G,Rani,S.,Caleb,P.R.,Behal,M.,Gregg,M.andHazra,S.(2017).*Sustainable social housing in India:definition, challenges and oppurtunities - Technical Report,* Oxford Brooks University, Development Alternatives, The Energy and Resources Institute and UN-Habitat. Oxford. ISBN:978-0-9929299-8

Ibem, A. E. O. and Aduwo, E. I.(2015).A Framework for Sustainable Housing for Policy Development and Practical Actions.*ARCON*

Kannan, K. P.,& khan, I. (2016).*Housing conditions of kerela With special focus on rural areas and socially disadwantage sector.*

Khalam, A. U., & Akhinabalu, P. (2020).Green living :A leap towards Sustainability.*Mukt shabd Journal,* (4),101-105

Kirkby, J., Keefe, P. O., Timberlake, L.(Ed).(1995).*The Earthscan Reader In Sustainable Development.*UK:Earths an.

Lakshmi, M. S.,& Subha,V.(2011).Sustainable building materials in kerala:An overview. *ACEEE*, 01(01),8-11

Mandell, S., & wilhelmsson, M. (2011).Willingness to Pay for sustainable housing. *Journal of Housing Research,* (20),35-52.

MESMAC International Conferences 2022
ISBN 978-81-956895-2-1

Nainggolan, S.M., Dewi, O. C., Panjaitan, T. H.(2020).10 criteria of Sustainable housing :A literature Review.Advances in Social Science, Education and Humanities Reserach, 475

Nair, D. G., Enserink,B., Gopikuttan, G., Vergragt, P., Fraaiji, A., Dalimeijer, R.(2005).A conceptual framework for sustainable -affordable housing for the rural poor in less developed economies.The 2005 World Sustainable Building Conferences, Tokiyo, 27-28,September 2005(SB05Tokyo), 18-019.

Nair,D. G. (2015).Sustainable construction Practices for affordable housing.Retreived from https://www.researchgate.net/publication/28643907

Plata, G.(2021).*Affordable housing that helps climate change*.International American Development Bank. Retrieved fromhttp://iadb.org/en/improvinglives

Susilwati, C., & Al-surf,M.(2011).Challenges Facing Sustainable Housing in Soudi Arebia:A current Study Showing the Level of publiv awareness. *Pacific Rim Real Estate Society*, 1-12

UN-HABITAT. (2012).Sustainable Housing for Sustainable cities:A Policy Framework for developing countries. Nairobi.ISBN:978-92-1-132488-4

Veron, R.(2001).The New kerala model :Lessons for sustainable development.*Elsevier*, 29(4),601-617.

MESMAC INTERNATIONAL CONFERENCES
www.mesmac.in

**Sustainability:**
POWER | PEOPLE | POLITICS

2022 January 20-31

# സുസ്ഥിരതയുടെ രാഷ്ട്രീയം
## സാഹിത്യം-കല-സംസ്കാരം

എഡിറ്റർ:
ഡോ. രാജേഷ് മോൻജി



Dr. Ghafoor Memorial (ESTED 1965)
**M.E.S. MAMPAD COLLEGE**
(AUTONOMOUS) Accredited by NAAC with A grade

Mampad College P.O. 676542, Malappuram Dt., Kerala
E-mail: info@mesmampad.org

9 788195 689521